"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി ദിവ്യ എസ്.എസ് റോസ് - അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിൽ നോഷണൽ പ്രൊമോഷൻ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**വനം വന്യജീവി (എഫ്) വകുപ്പ്**

സ.ഉ.(സാധാ) നം.301/2024/F&WLD തീയതി, തിരുവനന്തപുരം, 11-07-2024.

---

പരാമർശം:-
1. 14.12.2021 - ലെ സ.ഉ(സാധാ)നം.410/2021/വനം.
2. 07.12.2022 - ലെ റൂൾസ്-1/138/2021/ഉ.ഭ.പ.വ നമ്പർ പരിപത്രം.
3. 23.03.2024 - ലെ സ.ഉ(പി)നം.6/2024/വനം.
4. 25.03.2024 - ലെ സ.ഉ(സാധാ)നം.163/2024/വനം.
5. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 06.05.2024-തീയതിയിലെ KFDHQ/3085/2024-ADMIN/D3നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി.ദിവ്യ എസ്.എസ് റോസിനെതിരായുണ്ടായിരുന്ന വിജിലൻസ് കേസ് ബഹു.കേരള ഹൈക്കോടതി റദ്ദാക്കിയതിനെ തുടർന്ന് 19.03.2024 - ൽ ചേർന്ന അഡ്ഹോക് ഡി.പി.സി (ഹയർ) യോഗ തീരുമാനപ്രകാരം ടിയാളെ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് യോഗ്യരായ റേഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 2021 - ലെ സെലക്ട് ലിസ്റ്റിൽ ' 2A ' ആയി ഉൾപ്പെടുത്തുകയും, പരാമർശം 3 പ്രകാരം സെലക്ട് ലിസ്റ്റ് റിവൈസ് ചെയ്യുകയും, 04.04.2024 - ലെ ഗസറ്റഡ് നമ്പർ 1266 ആയി വിജ്ഞാപനം ചെയ്യുകയുമുണ്ടായി. തുടർന്ന്, പരാമർശം 4 പ്രകാരം ടിയാൾക്ക് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം അനുവദിച്ചിരുന്നു. ശ്രീമതി.ദിവ്യ എസ്.എസ് റോസിന്റെ തൊട്ടടുത്ത ജൂനിയർ ആയ ശ്രീ.അനുരാജ് ബി.ആർ, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് സ്ഥാനക്കയറ്റം നേടി ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച 15.12.2021 തീയതി പ്രാബല്യത്തിൽ ശ്രീമതി.ദിവ്യ എസ്.എസ് റോസിന് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിക്കണമെന്ന് പരാമർശം 5 പ്രകാരം ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് ശിപാർശ ചെയ്യുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയുടെ ഫീഡർ ക്യാറ്റഗറിയയായ റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ, ശ്രീമതി.ദിവ്യ എസ്.എസ് റോസിന്റെ തൊട്ടടുത്ത ജൂനിയർ ആയ ശ്രീ.അനുരാജ് ബി.ആർ - ന് പരാമർശം 1 പ്രകാരമാണ് അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക്

സ്ഥാനക്കയറ്റം അനുവദിച്ചത്. സീനിയോറിറ്റി പുനഃക്രമീകരണം, കോടതി ഉത്തരവ് മുതലായ കാരണങ്ങളാൽ അർഹതയുള്ള സീനിയറിന് നോഷണൽ പ്രൊമോഷൻ അനുവദിക്കുമ്പോൾ ടിയാന്റെ തൊട്ടടുത്ത ജൂനിയറിന് എന്നാണോ സ്ഥാനക്കയറ്റം നൽകി ഉത്തരവായത്, ടി തീയതി മുതൽ പ്രാബല്യത്തിൽ സീനിയറിന് നോഷണൽ പ്രൊമോഷൻ അനുവദിക്കേണ്ടതാണെന്ന് പരാമർശം 2 പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യത്തിൽ, ശമ്പളത്തിന്റെയും അലവൻസുകളുടെയും കുടിശ്ശികയ്ക്ക് അർഹതയുണ്ടായിരിക്കില്ല എന്ന വ്യവസ്ഥയിൽ, 14.12.2021 തീയതി പ്രാബല്യത്തിൽ ശ്രീമതി.ദിവ്യ എസ്.എസ് റോസിന്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് തസ്തികയിലേക്ക് നോഷണൽ പ്രൊമോഷൻ അനുവദിച്ചും, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് തസ്തികയിൽ ടിയാളുടെ സീനിയോറിറ്റി ശ്രീ.അജീഷ് എം -നും, ശ്രീ.അനുരാജ് ബി.ആർ - നും മദ്ധ്യേ നിശ്ചയിച്ചും സർക്കാർ ഉത്തരവാകുന്നു. നോഷണൽ പ്രൊമോഷൻ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ ശമ്പളം നോഷണലായി പുനർ നിർണയിക്കാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സീത എസ് ലക്ഷ്മി
അണ്ടർ സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം), തിരുവനന്തപുരം.
ശ്രീമതി ദിവ്യ എസ്.എസ് റോസ്, അസിസ്റ്റന്റ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്സ് [അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം) മുഖേന].
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധന അഗ്രി (ബി) വകുപ്പ് [ Agri-B2/184/2024-FIN (2817916) തീയതി 28.06.2024 പ്രകാരം].
വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി., സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Noushad S
സെക്ഷൻ ഓഫീസർ
Date: 11-07-2024 10:50:36